# സീറോമലബാർസഭയുടെ
# ആരാധനക്രമം

## അക്രൈസ്തവ പങ്കാളിയോടൊത്തുള്ള
## വിവാഹ കർമക്രമം

© All Rights reserved to the
Syro-Malabar Bishops' Synod

*Imprimatur*

Mount St. Thomas
08 September 2021

✠ **Mar George Cardinal ALENCHERRY**
Major Archbishop of the
Syro-Malabar Church

✠ **Bishop Mar George PUNNAKOTTIL**
Bishop of Kothamangalam
Chairman
Syro-Malabar Major Archiepiscopal
Commission for Liturgy

Published by

Secretariat, Commission for Liturgy
Major Archiepiscopal Curia
Mount St. Thomas, P.B. No. 3110
Kakkanad P.O., Kochi - 682 030
Kerala, India, Ph : (+91) 9446477924
E-mail : syromalabarliturgy@gmail.com

Reprint

2021 August, 2023 December

Printed at

St. Joseph Orphanage Press
Changanacherry

# DECREE

After due consultation and deliberation in the concerned forums with the approval of the Synod of Bishops of the Syro-Malabar Church in its session held from 10th to 14th January 2011, the undersigned George Cardinal Alencherry, the Major Archbishop of the Syro-Malabar Church hereby promulgates the Rite of the Marriage of a Catholic partner with a non-Christian partner, to be effective from 6th January 2013 and with the same Act declares that all other texts hitherto in use for administering the above-mentioned rites stand abrogated from 6th January 2013.

All contrary dispositions notwithstanding.

Given at Kakkanad from the Syro-Malabar Major Archiepiscopal Curia at Mount St. Thomas on 15 November 2012.

**George Cardinal ALENCHERRY**
Major Archbishop of the Syro-Malabar Church

# പ്രസ്താവന

സീറോമലബാർസഭയിൽ അക്രൈസ്തവ പങ്കാളിയോടൊത്തുള്ള വിവാഹത്തിന്റെ ക്രമം സീറോമലബാർ മെത്രാന്മാരുടെ സിനഡ് (10-14, 2011, January) ചർച്ച ചെയ്ത് അംഗീകരിച്ചു. മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി 2012 നവംബർ 15-ാം തീയതി നല്കിയ ഡിക്രി പ്രകാരം (Prot. No. 2453/2012) ഈ കർമ്മം പ്രസിദ്ധപ്പെടുത്തുന്നു.

ഒരു അക്രൈസ്തവ പങ്കാളിയോടൊത്തുള്ള വിവാഹകർമ്മക്രമം തയ്യാറാക്കാൻ സീറോമലബാർ മെത്രാന്മാരുടെ സിനഡ് (18-29 ആഗസ്റ്റ് 2008) ആരാധനക്രമകമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. സിനഡിന്റെ നിശ്ചയപ്രകാരം ആരാധനക്രമകമ്മീഷൻ വിദഗ്ധരുടെ സഹായത്തോടെ ഒരു ഡ്രാഫ്റ്റ് തയ്യാറാക്കി 2011 ജനുവരിയിലെ സിനഡിൽ അവതരിപ്പിച്ചു. ചെറിയ ഭേദഗതികളോടെ സിനഡ് ഡ്രാഫ്റ്റ് ടെക്സ്റ്റിന് അംഗീകാരം നല്കി.

അജപാലനപരമായ ഒരു അടിയന്തരഘട്ടത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു കർമക്രമമാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. അക്രൈസ്തവ പങ്കാളിയോടൊത്തുള്ള വിവാഹം ഒരു കൂദാശയല്ലാത്തതിനാൽ (CCEO 776 § 2) കൂദാശയുടേതായ ആഘോഷത്തിന്റെ സൂചനകൾ ടെക്സ്റ്റിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. മതവ്യത്യാസം (Dispartiy of Cult) എന്ന വിവാഹതടസത്തിൽനിന്ന് ഒഴിവ് വാങ്ങിക്കൊണ്ടുള്ള ഒരു വിവാഹകർമമാണിത്.

അടിസ്ഥാനപരമായി സീറോമലബാർ വിവാഹക്രമത്തിന്റെ ടെക്സ്റ്റിലെ പ്രാർഥനകളും അനുഷ്ഠാനങ്ങളുമാണ് ഈ കർമ്മക്രമത്തിൽ സ്വീകരിച്ചിരിക്കുന്നത്. ക്രൈസ്തവതിരുക്കർമത്തിൽ പങ്കുചേരാനുള്ള സന്മനസ്സ് പ്രകടമാക്കുന്ന ഒരു അക്രൈസ്തവപങ്കാളിയെയാണ് ഈ കർമക്രമം വിഭാവനം ചെയ്യുന്നത്. കുട്ടികളെല്ലാവരെയും കത്തോലിക്കാസഭയിൽ മാമോദീസായും ശിക്ഷണവും നല്കി വളർത്തുന്നതിന് തന്റെ കഴിവനുസരിച്ച് പരിശ്രമിക്കുന്നതാണെന്ന് കത്തോലിക്കാപങ്കാളി വാഗ്ദാനം ചെയ്യുന്നതിനെക്കുറിച്ചും ആ വാഗ്ദനം നിറവേറ്റാൻ കത്തോലിക്കാപങ്കാളിക്കുള്ള ചുമതലയെക്കുറിച്ചും അക്രൈസ്തവപങ്കാളിക്ക് അവബോധമുണ്ട്. തന്മൂലം വിവാഹകർമക്രമത്തിലെ ക്രൈസ്തവഘടകങ്ങളോടു ഭാവാത്മ

കമായ സമീപനം പുലർത്താൻ അക്രൈസ്തവപങ്കാളിക്കു സാധിക്കും. ക്രിസ്തീയ വിശ്വാസത്തിലധിഷ്ഠിതമായ പ്രതിപാദനങ്ങളും അനുഷ്ഠാനങ്ങളും അവയുടെ അടിസ്ഥാനരൂപത്തിൽ ഈ കർമക്രമത്തിൽ നിലനിർത്തിയിരിക്കുന്നത് ഇക്കാരണത്താലാണ്.

അക്രൈസ്തവപങ്കാളിയുടെ സാന്നിധ്യം പരിഗണിച്ചുകൊണ്ടു പ്രാർഥനകളെ ലളിതമാക്കിയിട്ടുണ്ട്. പരിശുദ്ധത്രിത്വത്തെ സംബോധന ചെയ്യുന്ന പ്രാർഥനാഭാഗങ്ങൾ പൊതുവേ ദൈവത്തെ സംബോധന ചെയ്യുന്നവയാക്കി മാറ്റിയിരിക്കുന്നു.

പ്രത്യേക ജീവിതസാഹചര്യങ്ങളിൽ അക്രൈസ്തവപങ്കാളികളെ സ്വീകരിക്കാൻ നിർബന്ധിതരായിത്തീരുന്ന കത്തോലിക്കാവിശ്വാസികളുടെ ക്രൈസ്തവവിശ്വാസജീവിതത്തെ അഭംഗുരം പാലിക്കാൻ ഈ കർമക്രമം സഹായകമായിത്തീരുമെന്ന് പ്രത്യാശിക്കുന്നു. 2013 ജനുവരി 6 ന് ദനഹാത്തിരുന്നാൾ ദിനത്തിൽ ഈ ക്രമം പ്രാബല്യത്തിൽ വരത്തക്ക വിധം പ്രസിദ്ധീകരിക്കുന്നു.

നവംബർ 20, 2012

✠ **മാർ ജോർജ്ജ് പുന്നക്കോട്ടിൽ**
ചെയർമാൻ
സീറോമലബാർ ആരാധനക്രമകമ്മീഷൻ

# അക്രൈസ്തവ പങ്കാളിയോടൊത്തുള്ള വിവാഹ കർമക്രമത്തിന്റെ പ്രത്യേകതകൾ

1. ഒരു അസാധാരണ സാഹചര്യത്തിൽ നടത്തേണ്ട ശുശ്രൂഷ എന്ന നിലയിലാണ് ഈ കർമക്രമത്തെ കാണേണ്ടത്.
2. ഇത് ഒരു കൂദാശയല്ല (CCEO 776 § 2), കൂദാശാനുകരണമാണ് (Sacramental). അതിനാൽ കൂദാശയുടെ ആഘോഷത്തിന്റെ സൂചനകൾ നല്കുന്നില്ല.
3. ഈ വിവാഹശുശ്രൂഷയോടനുബന്ധിച്ച് വിശുദ്ധ കുർബാനയില്ല. അതിനാൽ വചനശുശ്രൂഷയ്ക്ക് ഊന്നൽ നല്കിക്കൊണ്ടുള്ള കർമക്രമ മാണിത്.
4. മറ്റു മതങ്ങളുടെ അനുഷ്ഠാനങ്ങൾ കൂട്ടിച്ചേർത്ത് Syncretism ആകുന്ന രീതി ഈ കർമക്രമത്തിൽ സ്വീകരിക്കുന്നില്ല.
5. ഒരു ക്രൈസ്തവ തിരുക്കർമത്തിൽ പങ്കുചേരാനുള്ള സന്മനസ്സ് അക്രൈസ്തവപങ്കാളി പ്രകടമാക്കുന്നതിനാൽ ക്രിസ്തീയ വിശ്വാസത്തില ധിഷ്ഠിതമായ പ്രതിപാദനങ്ങൾ ഈ കർമക്രമത്തിൽ നിലനിർത്തുന്നു.
6. അക്രൈസ്തവപങ്കാളിക്കും പരിചിതമായ കാര്യങ്ങളായതിനാൽ താലികെട്ട്, മന്ത്രകോടി, മോതിരമണിയിക്കൽ, മാലയണിയിക്കൽ, നിലവിളക്കുകൊളുത്തൽ എന്നിവ നിലനിർത്തുന്നു.
7. പുരോഹിതനാണ് ഈ ശുശ്രൂഷയുടെ കാർമികൻ.
8. മതവ്യത്യാസം (Dispartiy of Cult) എന്ന വിവാഹതടസത്തിൽ നിന്ന് ഒഴിവ് വാങ്ങി വിവാഹം നടത്തുന്നതിനോടനുബന്ധിച്ചുള്ള സഭയുടെ നിയമമാണ് 'തിരുസഭയുടെ നടപടി' എന്നതുകൊണ്ട് വിവാഹഉടമ്പടിയിൽ അർഥമാക്കുന്നത് (CCEO 780 § 1). സഭയുടെ നിയമം കത്തോലിക്കാകക്ഷിക്ക് പ്രത്യക്ഷമായും അക്രൈസ്തവകക്ഷിക്ക് പരോക്ഷ മായും (CCEO 814 § 2, 3) ബാധകമാണ്.

9. മാമോദീസ സ്വീകരിക്കാത്ത ഒരു വ്യക്തിയുമായി സാധുവായ വിവാഹബന്ധത്തിലേർപ്പെടാൻവേണ്ടി വിടുതൽ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ (CCEO 803 § 81, 3; 814) താഴെപറയുന്നവയാണ്.

i വിശ്വാസത്തിൽനിന്ന് വ്യതിചലിച്ചു പോയേക്കാവുന്ന അപകട സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനു തയ്യാറാണെന്ന് കത്തോലിക്കാ കക്ഷി പ്രഖ്യാപിക്കുകയും കുട്ടികളെല്ലാവരെയും കത്തോലിക്കാ സഭയിൽ മാമോദീസായും ശിക്ഷണവും നല്കി വളർത്തുന്നതിന് തന്റെ കഴിവനുസരിച്ച് പരിശ്രമിക്കുന്നതാണെന്ന് ആത്മാർത്ഥമായി വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

ii കത്തോലിക്കാകക്ഷി ചെയ്യേണ്ട വാഗ്ദാനങ്ങളെപ്പറ്റി അകത്തോലിക്കാ കക്ഷിയെ യഥാസമയം അറിയിക്കണം. കത്തോലിക്കാകക്ഷിയുടെ വാഗ്ദാനത്തെയും കടമയെയുംപറ്റി അകത്തോലിക്കാകക്ഷി ശരിക്കും ബോധവാനാണ് / ബോധവതിയാണ് എന്നു വ്യക്തമാകുന്നതിനുവേണ്ടിയാണിത്.

iii വിവാഹത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങളെയും ഗുണങ്ങളെയുംകുറിച്ച് രണ്ടുകക്ഷികളെയും ബോധവത്ക്കരിക്കണം; ദമ്പതിമാരിൽ ആരും ഈ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും ഒഴിവാക്കാൻ പാടില്ല (CCEO 814 § 1, 2, 3).

# പൊതുനിർദേശങ്ങൾ

1. കാർമികൻ കൊത്തീന, സൂനാറ, ഊറാറ, സന്ദേ, പൈന എന്നീ തിരുവസ്ത്രങ്ങൾ ധരിക്കുന്നു.
2. വചനവേദിയിൽ താലി, മന്ത്രകോടി, മോതിരം, പൂമാല തുടങ്ങിയവ വയ്ക്കുന്നതിന് ഒരു മേശ ഉണ്ടായിരിക്കണം.
3. തിരുക്കർമത്തിനിടയ്ക്കു തെളിക്കുന്നതിനുള്ള നിലവിളക്കു / തിരി ഒരുക്കിവച്ചിരിക്കണം.
4. സുവിശേഷവായനയ്ക്കുമുമ്പുള്ള സമാധാനാശംസ സുവിശേഷ ഗ്രന്ഥം കൊണ്ടാണു നല്കേണ്ടത്.
5. വായനകൾ നാലിനുപകരം മൂന്നോ രണ്ടോ ആകാം. രണ്ടെങ്കിൽ ആദ്യത്തേതു ലേഖനത്തിൽ നിന്നായിരിക്കണം.

# അക്രൈസ്തവ പങ്കാളിയോടൊത്തുള്ള വിവാഹ കർമക്രമം

വധൂവരന്മാർ ബന്ധുമിത്രങ്ങളോടൊത്തു പ്രധാനകവാടത്തിലൂടെ ദൈവാലയത്തിൽ പ്രവേശിച്ചു വചനവേദിയുടെ സമീപത്തേക്കു വരുന്നു. കാർമികൻ ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങൾ അണിഞ്ഞ് ശുശ്രൂഷികളോടുകൂടി പ്രദക്ഷിണമായി സങ്കീർത്തിയിൽനിന്ന് വചനവേദിയിലേക്കുവരുന്നു. തത്സമയം താഴെ കൊടുത്തിരിക്കുന്ന പ്രാരംഭഗീതം ആലപിക്കുന്നു.

## പ്രാരംഭഗീതം

(മാലാഖമാർ പാടുന്ന സമയം ...)

സ്ത്രീയും പുരുഷനുമായി മർത്യനെ
ഭൂവിൽ സൃഷ്ടിച്ചു ദൈവം
ദൈവികസ്നേഹം നിറയുമ്പോളവരിൽ
ഒന്നായ് തുടിക്കുന്നു ഹൃദയം.
 ദൈവികമാകും സൃഷ്ടികർമത്തിൽ
 പങ്കാളിയാകാൻ ക്ഷണിക്കുന്നു ദൈവം
 സ്നേഹം പകർന്നവരൊന്നായ് ചേരുന്നു
 മാനവമംഗല്യം മഹിതാത്ഭുതം.
ആഹ്ലാദചിത്തരായ് അണിചേർന്നിടാം
പാവനവേളയിൽ പ്രാർഥിച്ചിടാം
കൃപചൊരിയട്ടെ ദൈവമീമക്കളിൽ
ദാമ്പത്യവല്ലരി പൂവണിയട്ടെ.

പ്രദക്ഷിണം വചനവേദിയിലെത്തുമ്പോൾ ശുശ്രൂഷി താലി, മന്ത്രകോടി, മോതിരം, പൂമാല എന്നിവ വാങ്ങി വചനവേദിയിൽ സജ്ജമാക്കിയിരിക്കുന്ന മേശമേൽ വയ്ക്കുന്നു. വരൻ വലത്തു വശത്തും വധു ഇടത്തു വശത്തുമായി വചനവേദിയുടെ മുമ്പിൽ നിൽക്കുന്നു; സമീപത്ത് രണ്ട് സാക്ഷികളും.

**കാർമി.** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

**സമൂ.** ആമ്മേൻ. (3)

**കാർമി.** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്) അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സു സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്) അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** സ്നേഹപിതാവായ ദൈവമേ, വിവാഹത്താൽ ബന്ധിതരായി ഹൃദയൈക്യത്തിൽ ജീവിക്കാനും അങ്ങയുടെ കല്പനകൾ പാലിച്ചു മാതൃകാപരമായ കുടുംബത്തിനു രൂപം നല്കാനും ഇവരെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സങ്കീർത്തനം 45, 127 (128)

**കാർമി.** എന്റെ പുത്രീ, ശ്രദ്ധിച്ചു കേൾക്കുക.
നിന്റെ ജനത്തെയും പിതൃഗൃഹത്തെയും നീ മറന്നുകളയുക.

(കാനോന) ഞങ്ങളുടെ രക്ഷകന്റെ മണവാട്ടിയായ സഭയേ,
നീ സന്തോഷിക്കുക;
നിത്യനായ ദൈവം തന്റെ സ്നേഹംമൂലം
നിന്നെ തന്റെ മണവാട്ടിയായി തിരഞ്ഞെടുത്തു.

സമൂ. രാജപുത്രിയുടെ അഴകെല്ലാം ആന്തരികമാകുന്നു;
അവളുടെ മേലങ്കി പൊന്നുപൊതിഞ്ഞതാകുന്നു.

കാർമി. വിലേയറിയ കാഴ്ചകളുമായി രാജാവിനെ അവൾ സന്ദർശിക്കും;
തോഴികളായ കന്യകമാർ അവളെ അനുഗമിക്കും.

സമൂ. അവർ ഉല്ലാസഭരിതരായി രാജകൊട്ടാരത്തിൽ പ്രവേശിക്കും;
എല്ലാ തലമുറകളും നിന്റെ നാമം അനുസ്മരിക്കും.

കാർമി. നിന്റെ ഭാര്യ നിന്റെ ഭവനത്തിൽ
ഫലസമൃദ്ധമായ മുന്തിരിവള്ളിപോലെയാകും;
നിന്റെ മക്കൾ മേശയ്ക്കു ചുറ്റും
സൈത്തുമുളകൾപോലെയുമായിരിക്കും.

സമൂ. കർത്താവിനെ ആദരിക്കുന്ന മനുഷ്യൻ
ഇപ്രകാരം അനുഗൃഹീതനാകും;
കർത്താവ് സെഹിയോനിൽനിന്ന് നിന്നെ അനുഗ്രഹിക്കട്ടെ;
ജീവിതകാലം മുഴുവൻ ഓറെശ്ലെമിന്റെ നന്മ നീ കാണട്ടെ;
മക്കളുടെ മക്കളെ കാണാൻ നിനക്ക് ഇടവരട്ടെ.

കാർമി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. ആദിമുതൽ എന്നേക്കും ആമ്മേൻ.

കാർമി. (കാനോന) ഞങ്ങളുടെ രക്ഷകന്റെ മണവാട്ടിയായ സഭയേ,
നീ സന്തോഷിക്കുക;
നിത്യനായ ദൈവം തന്റെ സ്നേഹംമൂലം
നിന്നെ തന്റെ മണവാട്ടിയായി തിരഞ്ഞെടുത്തു.

**സമൂ.** ആമ്മേൻ. സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങ് സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**കാർമി.** ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല എന്നരുളിച്ചെയ്ത മിശിഹാ ഇവർക്കു മാർഗ്ഗദീപമായിരിക്കട്ടെ.

കാർമികൻ നിലവിളക്ക് / തിരി തെളിക്കുന്നു.

**സമൂ.** സർവാധിപനാം കർത്താവേ
നിൻ സ്തുതി ഞങ്ങൾ പാടുന്നു
ഈശോ നാഥാ, വിനയമോടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

**കാർമി.** എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** ശബ്ദമുയർത്തിപ്പാടിടുവിൻ
സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവേശ്വരനെ വാഴ്ത്തിടുവിൻ.

**ഗായക.** പരിപാവനനാം സർവേശാ,
**സമൂ.** പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്ത്യനേ,
കാരുണ്യം നീ ചൊരിയണമേ.

**കാർമി.** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

ഒന്നാം വായനക്കാരൻ വലത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽചെന്ന് പഴയനിയമപ്രഘോഷണഗ്രന്ഥം എടുക്കുന്നു. ജനങ്ങൾക്കഭിമുഖമായിനിന്നു പറയുന്നു.

സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

സമൂഹം ഇരിക്കുന്നു.

... പുസ്തകത്തിൽനിന്നുള്ള വായന.

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.

(അല്ലെങ്കിൽ)

ദൈവം ✠ അനുഗ്രഹിക്കട്ടെ.

## ഉത്പത്തി 1:26-28

ദൈവം വീണ്ടും അരുളിച്ചെയ്തു: നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്കു കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും നാൽക്കാലികളുടെയും ഭൂമി മുഴുവന്റെയും ഭൂമിയിൽ ഇഴയുന്ന സർവജീവികളുടെയുംമേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ. അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു. സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ, ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയുംമേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ.

**സമൂ.** ദൈവമായ കർത്താവിനു സ്തുതി.

(അല്ലെങ്കിൽ)

## ഉത്പത്തി 2:18-24

**ശുശ്രൂ.** ദൈവമായ കർത്താവ് അരുളിച്ചെയ്തു: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; അവനു ചേർന്ന ഇണയെ ഞാൻ നൽകും. ദൈവമായ കർത്താവ് ഭൂമിയിലെ സകല മൃഗങ്ങളെയും ആകാശത്തിലെ സകല പക്ഷികളെയും മണ്ണിൽനിന്നു രൂപപ്പെടുത്തി. അവയ്ക്കു മനുഷ്യൻ എന്തു പേരിടുമെന്ന് അറിയാൻ അവിടുന്ന് അവയെ അവന്റെ മുമ്പിൽ കൊണ്ടുവന്നു. മനുഷ്യൻ വിളിച്ചത് അവയ്ക്കു പേരായിത്തീർന്നു. എല്ലാ കന്നുകാലികൾക്കും ആകാശത്തിലെ പറവകൾക്കും വയലിലെ മൃഗങ്ങൾക്കും അവൻ പേരിട്ടു. എന്നാൽ, തനിക്കിണങ്ങിയ തുണയെ കണ്ടില്ല. അതുകൊണ്ട്, ദൈവമായ കർത്താവ് മനുഷ്യനെ ഗാഢനിദ്രയിലാഴ്ത്തി, ഉറങ്ങിക്കിടന്ന അവന്റെ വാരിയെല്ലുകൊണ്ട് അവിടുന്ന് ഒരു സ്ത്രീക്കു രൂപം കൊടുത്തു. അവളെ അവന്റെ മുമ്പിൽ കൊണ്ടുവന്നു. അപ്പോൾ അവൻ പറഞ്ഞു: ഒടുവിൽ ഇതാ എന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും. നരനിൽനിന്ന് എടുക്കപ്പെട്ടതുകൊണ്ട് നാരിയെന്ന് ഇവൾ വിളിക്കപ്പെടും. അതിനാൽ, പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമായിത്തീരും.

**സമൂ.** ദൈവമായ കർത്താവിനു സ്തുതി.

വായന കഴിയുമ്പോൾ രണ്ടാം വായനക്കാരൻ ഒന്നാം വായന നടത്തിയ സ്ഥലത്തുതന്നെ ജനങ്ങൾക്കഭിമുഖമായിനിന്നു പറയുന്നു.

സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ.

... പുസ്തകത്തിൽനിന്നുള്ള വായന.

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

കാർമികൻ ഇരുന്നുകൊണ്ടുതന്നെ താഴെവരുന്ന പ്രാർഥന ചൊല്ലി ആശീർവദിക്കുന്നു.

**കാർമി.** തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.

(അല്ലെങ്കിൽ)

ദൈവം ✠ അനുഗ്രഹിക്കട്ടെ.

## ഏശയ്യാ 61:10-11

ഞാൻ കർത്താവിൽ അത്യധികം ആനന്ദിക്കും; എന്റെ ആത്മാവ് എന്റെ ദൈവത്തിൽ ആനന്ദംകൊള്ളും; വരൻ പുഷ്പമാല്യം അണിയുന്നതുപോലെയും വധു ആഭരണഭൂഷിതയാകുന്നതു പോലെയും അവിടുന്ന് എന്നെ രക്ഷയുടെ ഉടയാടകൾ ധരിപ്പിക്കുകയും നീതിയുടെ മേലങ്കി അണിയിക്കുകയും ചെയ്തു. മണ്ണിൽ മുളപൊട്ടി വരുന്നതുപോലെയും തോട്ടത്തിൽ വിത്തു മുളയ്ക്കുന്നതുപോലെയും ജനതകളുടെ മുൻപിൽ നീതിയും സ്തുതിയും ഉയർന്നുവരാൻ കർത്താവ് ഇടയാക്കും.

**സമൂ.** ദൈവമായ കർത്താവിനു സ്തുതി.

(അല്ലെങ്കിൽ)

## സുഭാഷിതങ്ങൾ 31:10-31

ഉത്തമയായ ഭാര്യയെ കണ്ടുപിടിക്കാൻ ആർക്കു കഴിയും? അവൾ രത്നങ്ങളെക്കാൾ അമൂല്യയത്രേ. ഭർത്താവിന്റെ ഹൃദയം അവളിൽ വിശ്വാസം അർപ്പിക്കുന്നു; അവന്റെ നേട്ടങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു. അവൾ ആജീവനാന്തം ഭർത്താവിനു നന്മയല്ലാതെ ഉപദ്രവം ചെയ്യുന്നില്ല. അവൾ രോമവും ചണവും ശേഖരിച്ച് ചുറുചുറുക്കോടെ നെയ്തെടുക്കുന്നു. അവൾ വ്യാപാരിയുടെ കപ്പലുകളെപ്പോലെ അകലെനിന്ന് ആഹാരസാധനങ്ങൾ കൊണ്ടുവരുന്നു. പുലർച്ചയ്ക്കുമുമ്പേ അവൾ ഉണർന്ന് കുടുംബാംഗങ്ങൾക്കു ഭക്ഷണമൊരുക്കുകയും പരിചാരികമാർക്കു ജോലികൾ നിർദേശിച്ചുകൊടുക്കുകയും ചെയ്യുന്നു. അവൾ നല്ല നിലം നോക്കി വാങ്ങുന്നു; സ്വന്തം സമ്പത്തുകൊണ്ട് അവൾ മുന്തിരിത്തോട്ടം നട്ടുപിടിപ്പിക്കുന്നു. അവൾ അരമുറുക്കി കൈച്ചുറുക്കോടെ ജോലി ചെയ്യുന്നു. തന്റെ വ്യാപാരം ലാഭകരമാണോ എന്ന് അവൾ പരിശോധിച്ചറിയുന്നു. രാത്രിയിൽ അവളുടെ വിളക്ക് അണയുന്നില്ല. അവൾ ദണ്ഡും തക്ലിയുമുപയോഗിച്ച് നൂൽ നൂൽക്കുന്നു. അവൾ ദരിദ്രർക്കു ദാനം ചെയ്യുകയും പാവങ്ങളെ സഹായിക്കുകയും ചെയ്യുന്നു. മഞ്ഞുകാലത്തു കുടുംബാംഗങ്ങൾക്കു തണുപ്പേൽക്കുമെന്ന് അവൾ ഭയപ്പെടുന്നില്ല; അവർക്കു ധരിക്കാൻ ഇരട്ടവസ്ത്രങ്ങളുണ്ട്. അവൾ സ്വയം വിരിപ്പുകൾ നിർമ്മിക്കുന്നു. മൃദുലവും ധൂമ്രവർണവുമായ പട്ടുവസ്ത്രങ്ങളാണ് അവൾ ധരിക്കുന്നത്. ശ്രേഷ്ഠന്മാരോടൊപ്പം ഇരിക്കുമ്പോൾ നഗരകവാടത്തിൽ അവളുടെ ഭർത്താവ് ശ്രദ്ധേയനാകുന്നു. അവൾ ചണവസ്ത്രങ്ങളുണ്ടാക്കി വിൽക്കുകയും അരപ്പട്ടകൾ വ്യാപാരിക്ക്

എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. അവൾ കഴിവും അന്തസ്സും അണിയുന്നു. ഭാവിയെ നോക്കി പുഞ്ചിരിക്കുന്നു. അവൾ വായ് തുറന്നാൽ ജ്ഞാനമേ പുറത്തു വരൂ, ദയാമസൃണമായ ഉപദേശം അവളുടെ നാവിലുണ്ട്. കുടുംബാംഗങ്ങളുടെ നടപടികൾ അവൾ ശ്രദ്ധാപൂർവം വീക്ഷിക്കുന്നു; അലസതയുടെ അപ്പം അവൾ ഭക്ഷിക്കുന്നില്ല. അവളുടെ സന്താനങ്ങൾ അവളെ ഭാഗ്യവതിയെന്നു വിളിക്കുന്നു; അവളുടെ ഭർത്താവും അപ്രകാരം ചെയ്യുന്നു. അവൻ അവളെ ഇങ്ങനെ പ്രശംസിക്കുന്നു. പല സ്ത്രീകളും തങ്ങളുടെ കഴിവുകൾ പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ, നീ അവരെയെല്ലാം അതിശയിക്കുന്നു. സൗകുമാര്യം വഞ്ചന നിറഞ്ഞതും സൗന്ദര്യം വ്യർഥവുമാണ്; എന്നാൽ, ദൈവഭക്തിയുള്ള സ്ത്രീ പ്രശംസയർഹിക്കുന്നു. അവളുടെ അധ്വാനത്തെ വിലമതിക്കുവിൻ; അവളുടെ പ്രവൃത്തികൾ നഗരകവാടത്തിൽ അവൾക്കു പ്രശംസയായിരിക്കട്ടെ!

**സമൂ.** ദൈവമായ കർത്താവിനു സ്തുതി.

(അല്ലെങ്കിൽ)

## പ്രഭാഷകൻ 26:1-4, 13-17

**ശുശ്രൂ.** ഉത്തമയായ ഭാര്യയുള്ളവൻ ഭാഗ്യവാൻ; അവന്റെ ആയുസ്സ് ഇരട്ടിക്കും. വിശ്വസ്തയായ ഭാര്യ ഭർത്താവിനെ സന്തോഷിപ്പിക്കുന്നു; അവൻ സമാധാനത്തോടെ ആയുസ്സു തികയ്ക്കും. ഉത്തമയായ ഭാര്യ മഹത്തായ അനുഗ്രഹമാണ്; കർത്താവിനെ ഭയപ്പെടുന്നവർക്കു ലഭിക്കുന്ന ദാനങ്ങളിൽ ഒന്നാണ് അവൾ. ധനവാനോ ദരിദ്രനോ ആകട്ടെ, അവന്റെ ഹൃദയം സന്തുഷ്ടവും അവന്റെ മുഖം സദാ പ്രസന്നവുമായിരിക്കും. ഭാര്യയുടെ വശ്യത ഭർത്താവിനെ പ്രമോദിപ്പിക്കുന്നു; അവളുടെ വൈഭവം അവനെ പുഷ്ടിപ്പെടുത്തുന്നു. മിതഭാഷിണിയായ ഭാര്യ കർത്താവിന്റെ ദാനമാണ്. സുശിക്ഷിതമായ ഹൃദയത്തെപ്പോലെ അമൂല്യമായി മറ്റൊന്നില്ല. ശാലീനത ഭാര്യയുടെ സൗഷ്ഠവം അതീവവർദ്ധനമാക്കുന്നു. നിർമലമായ ഹൃദയത്തിന്റെ മൂല്യം നിർണയാതീതമാണ്. കർത്താവിന്റെ ഉന്നതങ്ങളിൽ ഉദിക്കുന്ന സൂര്യനെപ്പോലെയാണ് ചിട്ടയുള്ള കുടുംബത്തിൽ ഉത്തമയായ ഭാര്യയുടെ സൗന്ദര്യം. വിശുദ്ധമായ തണ്ടിൽ പ്രകാശിക്കുന്ന ദീപം പോലെയാണ് സുഭഗമായ ശരീരത്തിൽ മനോഹരമായ മുഖം.

വായന കഴിയുമ്പോൾ

**സമൂ.** ദൈവമായ കർത്താവിനു സ്തുതി.

**കാർമ്മി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി, ആത്മശരീരങ്ങൾക്ക് ഉപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ

ഒന്നാം ശുശ്രൂഷി ലേഖനഗ്രന്ഥമെടുത്ത്, കാർമികന്റെ ഇടത്തുവശത്തുചെന്ന്, ശിരസ്സു നമിക്കുന്നു; അവിടെത്തന്നെ ജനങ്ങൾക്കു നേരേ തിരിഞ്ഞുനിന്നുകൊണ്ടു പറയുന്നു.

സഹോദരരേ, വിശുദ്ധ പത്രോസ് ശ്ലീഹാ ... എഴുതിയ ലേഖനം.

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

## 1 പത്രോസ് 3:1–7

ഭാര്യമാരേ, നിങ്ങൾ ഭർത്താക്കന്മാർക്കു വിധേയരായിരിക്കുവിൻ. വചനം അനുസരിക്കാത്ത ആരെങ്കിലും ഉണ്ടെങ്കിൽ അവരെ വാക്കുകൊണ്ടല്ല, പെരുമാറ്റംകൊണ്ടു വിശ്വാസത്തിലേക്ക് ആനയിക്കാൻ ഭാര്യമാർക്കു കഴിയും. അവർ നിങ്ങളുടെ ആദരപൂർവകവും നിഷ്കളങ്കവുമായ പെരുമാറ്റം കാണുന്നതുമൂലമാണ് ഇതു സാധ്യമാവുക. ബാഹ്യമോടികളായ പിന്നിയമുടിയോ സ്വർണാഭരണമോ വിശേഷവസ്ത്രങ്ങളോ അല്ല നിങ്ങളുടെ അലങ്കാരം; പിന്നെയോ, ദൈവസന്നിധിയിൽ വിശിഷ്ടമായ, സൗമ്യവും ശാന്തവുമായ ആത്മാവാകുന്ന അനശ്വരകിരീടം അണിഞ്ഞ ആന്തരികവ്യക്തിത്വമാണ്. ദൈവത്തിൽ പ്രത്യാശവച്ചിരുന്ന വിശുദ്ധ സ്ത്രീകൾ, മുമ്പ് ഇപ്രകാരം തങ്ങളെത്തന്നെ അലങ്കരിക്കുകയും തങ്ങളുടെ ഭർത്താക്കന്മാർക്കു വിധേയരായിരിക്കുകയും ചെയ്തിട്ടുണ്ട്. സാറാ അബ്രാഹത്തെ നാഥാ എന്നു വിളിച്ചുകൊണ്ട് അനുസരിച്ചിരുന്നല്ലോ. നന്മ ചെയ്യുകയും ഒന്നിനെയും ഭയപ്പെടാതിരിക്കുകയും ചെയ്താൽ നിങ്ങൾ അവളുടെ മക്കളാകും. ഇങ്ങനെതന്നെ ഭർത്താക്കന്മാരേ, നിങ്ങൾ വിവേകത്തോടെ നിങ്ങളുടെ ഭാര്യമാരോടൊത്തു ജീവിക്കുവിൻ.

വായനകഴിയുമ്പോൾ

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**ശുശ്രൂ.** ഹല്ലേലൂയ്യ. (3)

സുവിശേഷവെളിച്ചത്താൽ
ഇരുളെല്ലാം നീക്കിടുവാൻ
അവതാരം ചെയ്തവനെ
കൈകൂപ്പി വണങ്ങിടുവിൻ.

കർത്താവേ ധരണിയിൽ നിൻ
സാക്ഷികളായി തീർന്നിടുവാൻ (2)
ഞങ്ങളിൽ നിൻ സുവിശേഷം
പൂങ്കിരണം ചൊരിയട്ടെ.

കാർമികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു

**കാർമി.** പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടുത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷത്തിന്റെ വെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത നിനക്ക് ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ

കാർമികൻ തിരിക്കാലുകൾ, ധൂപകലശം എന്നിവ വഹിക്കുന്നവരോടുകൂടെ ബലിപീഠത്തെ സമീപിച്ച്, താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് സുവിശേഷഗ്രന്ഥമെടുക്കുന്നു.

**കാർമി.** ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്ത കാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ

സുവിശേഷഗ്രന്ഥം നെറ്റിവരെ ഉയർത്തിപ്പിടിക്കുന്നു. ധൂപകലശം, കത്തിച്ചതിരികൾ ഇവ വഹിക്കുന്നവർ മുമ്പെയും കാർമികൻ പിമ്പെയും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

പ്രദക്ഷിണം വചനവേദിയിലെത്തുമ്പോൾ

**ശുശ്രൂ.** നമുക്കു ശ്രദ്ധാപൂർവം നിന്നു പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

അല്ലെങ്കിൽ

നിങ്ങൾ മൗനമായി നിന്നു ശ്രദ്ധാപൂർവം പരിശുദ്ധ സുവിശേഷം ശ്രവിക്കുവിൻ.

സുവിശേഷഗ്രന്ഥംകൊണ്ടു ജനങ്ങളെ ആശീർവദിക്കുമ്പോൾ

**കാർമി.** സമാധാനം ✠ നിങ്ങളോടുകൂടെ

**സമൂ.** അങ്ങയോടും അങ്ങയുടെ ആത്മാവോടും കൂടെ.

**കാർമി.** വിശുദ്ധ മർക്കോസ് അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം.

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## മർക്കോസ് 10:2-9

ഫരിസേയർ വന്ന് ഈശോയെ പരീക്ഷിച്ചുകൊണ്ട് ചോദിച്ചു: ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ? ഈശോ മറുപടി പറഞ്ഞു: മൂശെ എന്താണു നിങ്ങളോടു കല്പിച്ചത്? അവർ പറഞ്ഞു: ഉപേക്ഷാപത്രം കൊടുത്ത് അവളെ ഉപേക്ഷിക്കാൻ മൂശെ അനുവദിച്ചിട്ടുണ്ട്. ഈശോ പറഞ്ഞു: നിങ്ങളുടെ ഹൃദയകാഠിന്യം കൊണ്ടാണ് മൂശെ ഈ നിയമം നിങ്ങൾക്കുവേണ്ടി എഴുതിയത്. എന്നാൽ, സൃഷ്ടിയുടെ ആരംഭം മുതലേ ദൈവം അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ, പുരുഷൻ പിതാവിനെയും മാതാവിനെയും വിടുകയും അവർ ഇരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യും. പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒരു ശരീരമായിരിക്കും. അതിനാൽ ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ.

സുവിശേഷവായന തീരുമ്പോൾ

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

കാർമികൻ പുസ്തകമടച്ച്, അതിന്മേൽ ചുംബിച്ച് ശുശ്രൂഷിയെ ഏല്പിക്കുന്നു. ശുശ്രൂഷി അത് ബലിപീഠത്തിന്മേൽ വയ്ക്കുന്നു. തിരികൾ അതിന്റെ സ്ഥാനത്തു വയ്ക്കുന്നു.

## വചനസന്ദേശം

രണ്ടാം ശുശ്രൂഷി പ്രഘോഷണപീഠത്തിങ്കൽ നിന്നുകൊണ്ടു കാറോസൂസ ആരംഭിക്കുന്നു.

## കാറോസൂസ

## I

**ശുശ്രൂ.** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെ വിവാഹത്താൽ ബന്ധിതരാകുന്ന ഇവർക്കുവേണ്ടി 'ദൈവമേ, ഈ വധുവരന്മാരുടെമേൽ കരുണയുണ്ടാകണമേ' എന്ന് പ്രാർഥിക്കാം.

**സമൂ.** ദൈവമേ, ഈ വധൂവരന്മാരുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** പരസ്പരസ്നേഹത്തിലും ഐക്യത്തിലും ത്യാഗപൂർണ്ണമായ ജീവിതം നയിക്കാൻ ഈ വധൂവരന്മാരെ അനുഗ്രഹിക്കണമേ എന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ.** ദൈവമേ, ഈ വധൂവരന്മാരുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** അങ്ങയുടെ പ്രമാണങ്ങൾ അനുസരിച്ചു മാതൃകാപരമായ കുടുംബജീവിതം നയിക്കാൻ ഇവരെ അനുഗ്രഹിക്കണമേ എന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ.** ദൈവമേ, ഈ വധൂവരന്മാരുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** പരസ്പര വിശ്വസ്തതയോടും ചാരിത്രശുദ്ധിയോടുംകൂടെ സന്തോഷപ്രദമായ ദാമ്പത്യജീവിതം നയിക്കാൻ ഇവരെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ.** ദൈവമേ, ഈ വധൂവരന്മാരുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** കാനായിലെ കല്യാണവിരുന്നിൽ വച്ച് തന്റെ സാന്നിധ്യത്താൽ വധൂവരന്മാരെ അനുഗ്രഹിച്ച മിശിഹായേ, നിന്റെ സഹായത്തിൽ ആശ്രയിച്ചും ദിവ്യസാന്നിധ്യം അനുഭവിച്ചും പ്രാർഥനാനിരതരായി ജീവിക്കാൻ ഇവരെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ.** ദൈവമേ, ഈ വധൂവരന്മാരുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** ദുഃഖദുരിതങ്ങൾ, സഹനങ്ങൾ, ഇവയെ സമചിത്തതയോടെ സ്വീകരിക്കാൻ ഇവരെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ.** ദൈവമേ, ഈ വധൂവരന്മാരുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും ജീവിതം നയിക്കാൻ ഇവരെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ.** ദൈവമേ, ഈ വധൂവരന്മാരുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** ദൈവം തരുന്ന മക്കളെ സമൂഹത്തിനും ദൈവത്തിനും പ്രിയങ്കരരായി വളർത്താൻ ഇവരെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ.** ദൈവമേ, ഈ വധൂവരന്മാരുടെമേൽ കരുണയുണ്ടാകണമേ.

**കാർമി.** സർവശക്തനായ ദൈവമേ, ഈ വധൂവരന്മാർ സന്തോഷത്തോടും പ്രതീക്ഷയോടും കൂടെ ആരംഭിക്കുന്ന കുടുംബജീവിതം വിജയകരമായി നയിക്കാൻ ഇവരെ അനുഗ്രഹിക്കണമേ, അങ്ങയുടെ ശാന്തിയും സമാധാനവും ഇവരിൽ നിറയ്ക്കുകയും അങ്ങയുടെ ദാസർക്കു വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യ കിരീടം നേടാൻ ഇവരെ അർഹരാക്കുകയും ചെയ്യണമേ. അങ്ങയുടെ സ്നേഹത്താൽ ഇവരെ വളർത്തിയ മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും ഈ തിരുക്കർമത്തിൽ പങ്കെടുക്കുന്ന ഞങ്ങളേവരെയും അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ എന്നേക്കും. ആമ്മേൻ.

## വിവാഹ ഉടമ്പടി

**കാർമി.** (വരന്റെ പേരുവിളിച്ച്) സ്നേഹപിതാവായ ദൈവത്തിന്റെ പരിപാലനയിൽ ആശ്രയിച്ചും തിരുസഭയുടെ നടപടിയനുസരിച്ചും സ്വതന്ത്രമായ മനസോടും പൂർണമായ സമ്മതത്തോടും കൂടെ (വധുവിന്റെ പേര്) യെ നിന്റെ ഭാര്യയായി സ്വീകരിക്കുന്നുവോ?

**വരൻ.** ഞാൻ സ്വീകരിക്കുന്നു.

**കാർമി.** (വധുവിന്റെ പേരുവിളിച്ച്) സ്നേഹപിതാവായ ദൈവത്തിന്റെ പരിപാലനയിൽ ആശ്രയിച്ചും തിരുസഭയുടെ നടപടിയനുസരിച്ചും സ്വതന്ത്രമായ മനസോടും പൂർണമായ സമ്മതത്തോടും കൂടെ (വരന്റെ പേര്) നെ നിന്റെ ഭർത്താവായി സ്വീകരിക്കുന്നുവോ?

**വരൻ.** ഞാൻ സ്വീകരിക്കുന്നു.

**കാർമി.** (സാക്ഷികളോട്) ഈ വിവാഹ ഉടമ്പടിക്ക് നിങ്ങൾ സാക്ഷികളാണല്ലോ.

**സാക്ഷികൾ.** അതെ.

**കാർമി.** (വധൂവരന്മാരോട്) നിങ്ങൾ തമ്മിലുള്ള ഈ ഉടമ്പടിയുടെ അടയാളമായി പരസ്പരം വലത്തുകരം ചേർത്തുപിടിക്കുവിൻ.

വധൂവരന്മാർ പരസ്പരം വലത്തുകരം ചേർത്തുപിടിക്കുമ്പോൾ കാർമികൻ താഴെവരുന്ന പ്രാർഥന ചൊല്ലി ആശീർവദിക്കുന്നു.

**കാർമ്മി.** സർവേശ്വരനായ ദൈവം നിങ്ങളോടുകൂടെ ഉണ്ടായിരി ക്കട്ടെ. സ്നേഹത്തോടും മനസിന്റെ ഐക്യത്തോടുംകൂടെ കുടുംബ ജീവിതം നയിക്കാൻ അവിടുന്ന് നിങ്ങളെ വിവാഹത്തിൽ ബന്ധിക്കുമാറാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

ദമ്പതിമാർ ചേർത്തുപിടിച്ചിരിക്കുന്ന കൈകളിൽ കാർമികൻ വിശുദ്ധജലം തളിക്കുന്നു.

## താലി വെഞ്ചരിപ്പ്

**കാർമ്മി.** സ്നേഹപിതാവായ ദൈവമേ, ഐക്യത്തിന്റെ പ്രതീകമായ ഈ താലി അഭേദ്യമായ സ്നേഹത്തിലും പൂർണമായ വിശ്വസ്തത യിലും ഇവരെ ബന്ധിക്കുമാറാകട്ടെ. ജീവിതത്തിൽ ഉണ്ടാ കുന്ന ക്ലേശങ്ങൾ സന്തോഷപൂർവം സഹിക്കാനും നിന്റെ ഇഷ്ടമനുസരിച്ച് പരിശുദ്ധരായി ജീവിക്കാനും ഇവർ ശക്ത രാകട്ടെ. ഈ താലി ഇവരുടെ വിശ്വസ്തതയുടെ അടയാള മായിരിക്കുകയും ചെയ്യട്ടെ.

**സമൂ.** ആമ്മേൻ.

കാർമികൻ താലിയിൽ വിശുദ്ധജലം തളിക്കുന്നു.

## മോതിരം വെഞ്ചരിപ്പ്

**കാർമ്മി.** കാരുണ്യവാനായ ദൈവമേ, സ്നേഹത്തിന്റെയും വിശ്വസ്തത യുടെയും അടയാളമായി ഈ ദമ്പതിമാർ പരസ്പരം അണിയി ക്കുന്ന ഈ മോതിരങ്ങൾ ആശീർവദിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

കാർമികൻ മോതിരങ്ങളിൽ വിശുദ്ധജലം തളിക്കുന്നു.

## മന്ത്രകോടി വെഞ്ചരിപ്പ്

**കാർമ്മി.** കൃപാവരത്തിന്റെ അനശ്വരവസ്ത്രത്താൽ മനുഷ്യാത്മാവിനെ അലങ്കരിക്കുന്ന കാരുണ്യവാനായ ദൈവമേ, ഈ മന്ത്രകോടി ആശീർവദിക്കണമേ. പൂർണമായ ആത്മസമർപ്പണത്തോടും പരസ്പരസ്നേഹത്തോടും കൂടെ ജീവിച്ച് സ്വർഗത്തിൽ മഹത്ത്വത്തിന്റെ വസ്ത്രമണിയാൻ ഇവരെ യോഗ്യരാക്കണമേ.

**സമൂ.** ആമ്മേൻ

കാർമികൻ മന്ത്രകോടിയിൽ വിശുദ്ധജലം തളിക്കുന്നു. താലി വരനെ ഏല്പിക്കുന്നു. വരൻ അത് വധുവിന്റെ കഴുത്തിൽ കെട്ടുന്നു. നവദമ്പതിമാർ പര്സപരം മോതിരം അണിയിക്കുന്നു.

കാർമികൻ മന്ത്രകോടി വരനെ ഏല്പിക്കുന്നു. വരൻ അത് വധുവിന്റെ ശിരസിൽ അണിയിക്കുകയോ അവളുടെ കൈയിൽ കൊടുക്കുകയോ ചെയ്യുന്നു. താലി കെട്ടുമ്പോൾ താഴെക്കാണുന്ന ഗീതം ആലപിക്കുന്നു.

## ഗാനം

(ആനന്ദിക്കുക പ്രിയപുത്രീ......)

സ്നേഹത്തിൻ മലർവാടിയതിൽ
ദൈവം നട്ടുവളർത്തിയൊരാ
വല്ലരി തരുവിൽ ചേരുന്നു
ഹൃദയം പുളകിതമാകുന്നു.

ഇന്നോളമന്യരായ് ജീവിപ്പോരെ
ഇന്നിതാ ദൈവം വിളിച്ചുചേർത്തു
സ്നേഹത്തിൻ നിർമലബന്ധനത്താൽ
ഏകശരീരമായ് വാഴുമിവർ.

ദൈവത്തിൻ ദാനമാം മക്കളെയും
കൈനീട്ടി സ്വീകരിച്ചീടുമിവർ
സന്തോഷ സന്താപവേളകളിൽ
ദൈവസ്തുതി മോദാൽ പാടുമിവർ.

നവദമ്പതിമാർ പരസ്പരം വലത്തുകൈപിടിച്ചുകൊണ്ട് കാർമികൻ ചൊല്ലിക്കൊടുക്കുന്ന പ്രതിജ്ഞാവാചകങ്ങൾ ഏറ്റുചൊല്ലുന്നു.

ഇന്നുമുതൽ / മരണംവരെ / സന്തോഷത്തിലും ദുഃഖത്തിലും/ സമ്പത്തിലും ദാരിദ്ര്യത്തിലും / ആരോഗ്യത്തിലും അനാരോഗ്യത്തിലും / പരസ്പരസ്നേഹത്തോടും വിശ്വസ്തതയോടും കൂടെ / ഏകമനസ്സോടെ / ജീവിച്ചുകൊള്ളാമെന്ന്/ ദൈവ തിരുമുമ്പാകെ ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. / ഈ വാഗ്ദാനമനുസരിച്ച് / ജീവിക്കാൻ സർവശക്തനായ ദൈവം / ഞങ്ങളെ സഹായിക്കട്ടെ.

നവദമ്പതിമാർ പരസ്പരം പൂമാല അണിയിക്കുന്നു.

**ശുശ്രൂ.** സഹോദരരേ,
നിങ്ങൾ തലകുനിച്ച് ആശീർവാദം സ്വീകരിക്കുവിൻ.

നവദമ്പതിമാർ തലകുനിച്ചുനിന്ന് ആശീർവാദം സ്വീകരിക്കുന്നു.

**കാർമ്മി.** (വലത്തുകരം ദമ്പതിമാരുടെ ശിരസിനുമീതെ നീട്ടി കമിഴ്ത്തിപ്പിടിച്ചുകൊണ്ട്) സർവശക്തനായ ദൈവം കാരുണ്യത്തിന്റെ വലംകൈ നീട്ടി നിങ്ങളെ അനുഗ്രഹിക്കട്ടെ. അവിടത്തെ സംരക്ഷണത്തിന്റെ തണലിൽ അവിടന്നു നിങ്ങളെ കാത്തുപാലിക്കട്ടെ. അഭേദ്യമായ ഐക്യത്തിൽ നിങ്ങളെ ഒന്നിപ്പിച്ച ദൈവം ജീവിതത്തിലെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങൾക്കു തുണയായിരിക്കട്ടെ. മാനസികവും ശാരീരികവുമായ ആരോഗ്യവും ഭൗതികമായ സുസ്ഥിതിയും അവിടന്നു നിങ്ങൾക്ക് പ്രദാനം ചെയ്യട്ടെ. ദൈവം നിങ്ങൾക്കു നല്കുന്ന മക്കളെ സന്തോഷപൂർവം സ്വീകരിക്കുന്നതിനും അവരെ വിശുദ്ധിയുടെ മാർഗത്തിൽ നയിക്കുന്നതിനും അവിടന്നു നിങ്ങളെ സഹായിക്കട്ടെ. അവിടത്തേക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ നിങ്ങളെ അവിടന്ന് യോഗ്യരാക്കുകയും ചെയ്യട്ടെ.

**സമൂ.** ആമ്മേൻ

## സമാപനാശീർവാദം

**കാർമ്മി.** അനന്തമായ സ്നേഹത്താൽ പുരുഷനും സ്ത്രീയുമായി മനുഷ്യരെ സൃഷ്ടിക്കുകയും സൃഷ്ടികർമത്തിൽ അവരെ പങ്കാളികളാക്കുകയും ചെയ്ത കാരുണ്യവാനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. നിർമലമായ സ്നേഹത്തിലും നിസ്വാർഥമായ ആത്മസമർപ്പണത്തിലും അവിടുന്നു നിങ്ങളെ കാത്തുപരിപാലിക്കട്ടെ. സന്താനസൗഭാഗ്യം നൽകി ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങളുടെ ജീവിതം അവിടന്നു ഐശ്വര്യപൂർണമാക്കുകയും നിങ്ങളുടെ ആശകളും പ്രതീക്ഷകളും അവിടുന്നു സഫലമാക്കുകയും ചെയ്യട്ടെ. ആവശ്യനേരത്തു സഹായിക്കാൻ നിരവധി ആത്മാർഥസുഹൃത്തുക്കളെ ദൈവം നിങ്ങൾക്കു പ്രദാനം ചെയ്യട്ടെ. സ്വർഗത്തിൽ അവിടത്തേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും സമർപ്പിക്കാൻ നിങ്ങൾ യോഗ്യരാകട്ടെ. നവദമ്പതിമാരായ നിങ്ങളെയും ഈ തിരുക്കർമത്തിൽ പങ്കുചേർന്ന എല്ലാവരെയും ദൈവം ആശീർവദിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.